Draft #4 of File 159215/FO SECTION-ASSISTANT1/2023/FO SECTION Approved by ASSISTANT REGISTRAR II (ADMIN) on 22-Sep-2025 02:39 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സംഗ്രഹം

മഹാത്മാഗാന്ധി സർവകലാശാല - സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നിന്നും സെന്ററുകളിൽ നിന്നും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പഠന യാത്ര/ഫീൽഡ് ട്രിപ്പ് /ഇൻഡസ്ട്രിയൽ വിസിറ്റ് എന്നീ ആവശ്യങ്ങൾക്കായി താത്കാലിക മുൻകൂർ തുക അനുവദിക്കുന്നത് സംബന്ധിച്ച് - 14.08.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണ വിഭാഗം എ 9 സെക്ഷൻ

നമ്പർ. 8918/AD A 9/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.09.2025

പരാമർശം:-1. കത്ത് നമ്പർ. 159215/FO SECTIONASSISTANT1/2023/FO SECTION തീയതി. 19.02.2024

2. 14.08.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 127/25.06/159215/FO SECTION-ASSISTANT1/2023

ഉത്തരവ്

സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നിന്നും സെന്ററുകളിൽ നിന്നും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പഠന യാത്ര/ഫീൽഡ് ട്രിപ്പ്/ഇൻഡസ്ട്രിയൽ വിസിറ്റ് എന്നീ ആവശ്യങ്ങൾക്കായി വകുപ്പുമേധാവി സമർപ്പിക്കുന്ന അപേക്ഷയിന്മേൽ വൈസ് ചാൻസിലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താത്കാലിക മുൻകൂർ തുകകൾ അനുവദിക്കാറുണ്ട്. എന്നാൽ ടി ആവശ്യങ്ങൾക്കായി മുൻകൂർ തുക അനുവദിക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ നിലവിലില്ലാത്തതിനാൽ ഇവ തയ്യാറാക്കുന്നത് ഉചിതമായിരിക്കുമെന്ന് സർവകലാശാല ധനകാര്യ വിഭാഗം ശിപാർശ ചെയ്യുകയുണ്ടായി.

മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സർവകലാശാലയിലെ എല്ലാ പഠന വകുപ്പുകൾ /സെന്ററുകൾ - ലേക്ക് കത്ത് അയയ്ക്കുകയും ആയതിന് വിവിധ പഠന വകുപ്പുകൾ /സെന്ററുകൾ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് മാത്രം പഠന യാത്രയ്ക്കായി വിദ്യാർത്ഥികളിൽ നിന്നും MTTM കോഴ്സിന്റെ രണ്ടാം സെമസ്റ്ററിൽ ഫീസ് ഈടാക്കുന്നതായും മറ്റ പഠന വകുപ്പുകൾ /സെന്ററുകൾ വിദ്യാർത്ഥികളിൽ നിന്നും പഠന യാത്ര/ഫീൽഡ് ട്രിപ്പ്/ഇൻഡസ്ട്രിയൽ വിസിറ്റ് എന്നീ ആവശ്യങ്ങൾക്കായി ഫീസ് ഈടാക്കുന്നില്ല എന്ന് ബോധ്യപ്പെടുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, സർവകലാശാലയിലെ വിവിധ പഠന വകുപ്പുകൾ /സെന്ററുകൾ സംഘടിപ്പിക്കുന്ന പഠന യാത്ര/ഫീൽഡ് ട്രിപ്പ്/ഇൻഡസ്ട്രിയൽ വിസിറ്റ് എന്നീ ആവശ്യങ്ങൾക്കായി താത്കാലിക മുൻകൂർ തുക അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനത്തിനായി 07.12.2024 തീയതിയിലെ വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, 14.08.2025 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം ചുവടെ കൊടുത്തിട്ടുള്ള തീരുമാനം

കൈക്കൊള്ളുകയും ചെയ്തു.

" പാഠ്യ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളിൽ നിന്നും തുക ഈടാക്കിക്കൊണ്ട് പഠന യാത്ര/ഫീൽഡ് ട്രിപ്പ്/ഇൻഡസ്ട്രിയൽ വിസിറ്റ് എന്നിവ സംഘടിപ്പിക്കുന്ന സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന് ഇതിനായി താത്കാലിക മുൻകൂർ തുക അനുവദിച്ചു നൽകുന്നതിനും മറ്റുള്ള പഠനവകുപ്പുകൾ/സെന്ററുകൾ പ്രസ്തുത ആവശ്യത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ സർവകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. "

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷൈലജ ടി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി/എ . ഒ, വിവിധ പഠന വകുപ്പുകൾ/സെന്ററുകൾ
2. വിസി/പിവിസി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
4. ജെ . ആർ 1 (അഡ്മിൻ) / ജെ . ആർ ഫിനാൻസ് /ഡി.ആർ 2 (അഡ്മിൻ)/ഡി.ആർ 2 (ഫിനാൻസ്) /ഡി.ആർ (പി & ഡി)
5. എ.ആർ 2 (അഡ്മിൻ) /എ.ആർ 4 (ഫിനാൻസ്)/ എ.ആർ 1 (ഫിനാൻസ്)
6. ഓഡിറ്റ് I, IV, V / എ ഡി സി IV,V /ഐക്യൂഎസി/റെക്കോർഡ്സ് സെക്ഷൻ
7. എഫ്.സി.സി/ ജനറൽ ക്യാഷ്/ ഫിനാൻസ് I,II,III/ എ ഡി എ II,V,VII
8. പി ആർ ഒ / എ ഡി ഡി / അക്കൗണ്ട്സ് 3 / ഐടി സെൽ/പി & ഡി II
9. ജോയിന്റ് ഡയറക്ടർ,കെ.എസ്.എ.ഡി / പി പി രജിസ്റ്റർ /ആക്ഷൻ ടേക്കൺ റിപ്പോർട്ട്
10. സ്റ്റോക്ക് ഫയൽ/സർവീസ് ഫയൽ / സർവകലാശാല വെബ്സൈറ്റ്

Draft #4 of File 159215/FO SECTION-ASSISTANT1/2023/FO SECTION Approved by ASSISTANT REGISTRAR II (ADMIN) on 22-Sep-2025 02:39 PM - Page 2